പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2244**

26.03.2013-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം.ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്കു വിട്ടുകൊണ്ടുള്ള ഉത്തരവ് സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ;<br><br>**(ബി)** ഇല്ലെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ഇപ്പോഴും ഈ തീരുമാനം നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ; | **(എ) & (ബി)** വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ നിയമനം പി.എസ്.സി വഴി മാത്രമാണ് നടത്തുന്നത്. |
| **(സി)** പി.എസ്.സി നിയമനം മറികടക്കുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**(ഡി)** ഉണ്ടെങ്കിൽ ഈ കോൺട്രാക്ട് നിയമനം അവസാനിപ്പിച്ച് പ്രസ്തുത തസ്തികകളിൽ അടിയന്തിരമായി പി.എസ്.സി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി) & (ഡി)** ഉണ്ട്; പി.എസ്.സി മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ നിയമനത്തിന് കാലതാമസം നേരിടുന്ന സമയങ്ങളിൽ കരാർ നിയമനം നടത്താറുണ്ട്. കെ.പി.എസ്.സി ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുമ്പോൾ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിടുകയും ചെയ്യുന്നതാണ്. |

Adithyal

സെക്ഷൻ ഓഫീസർ